14656
22/8/19

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ് നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

സ.ഉ.(അച്ചടി) നം.79/2019/തൊഴില്‍ തീയതി,തിരുവനന്തപുരം, 22/08/2019

ഉത്തരവ്

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ് നൽകുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നു.

1) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ബോണസ് ആക്ടിന്റെ നാളിതുവരെയുള്ള ഭേദഗതികൾക്ക് അനുസൃതമായി ബോണസ് നൽകേണ്ടതാണ്. സംസ്ഥാന സർക്കാർ ഭൂരിപക്ഷം ഷെയറുകളും കൈവശം വച്ചിട്ടുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും 8.33% മിനിമം ബോണസ് നൽകേണ്ടതാണ്. 8.33 ശതമാനത്തേക്കാൾ കൂടുതൽ ബോണസ് പ്രഖ്യാപിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ 2018-19-ലെ വരവ് ചെലവ് കണക്കിന്റെ ഓഡിറ്റ് പൂർത്തീകരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2) 2018-19 സാമ്പത്തിക വർഷം ഉൾപ്പെടെ തൊട്ടുമുമ്പുള്ള ഏതെങ്കിലും അഞ്ച് അക്കൗണ്ടിംഗ് വർഷത്തിലൊന്നിൽ ഉൽപ്പാദനം ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മിനിമം ബോണസ് അനുവദിക്കാവുന്നതാണ്. ഒരു വർഷം കുറഞ്ഞത് 30 പ്രവർത്തി ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള ജീവനക്കാരന് ബോണസിന് അർഹത ഉണ്ടായിരിക്കും.

3) 2018-19 വർഷം ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കൃത്യമായും ബോണസ് നൽകിയിരിക്കണം. പെയ്മെന്റ് ഓഫ് ബോണസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള കുറഞ്ഞ ബോണസിൽ അധികരിച്ച ബോണസ് നൽകുന്ന ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ, പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ സെക്ഷൻ 11 അനുസരിച്ച് ബോണസിന്റെ പരിധി 20% ൽ അധികരിക്കരുതെന്ന വ്യവസ്ഥ പാലിക്കേണ്ടതാണ്. സെക്ഷൻ 11 ൽ പ്രതിപാദിക്കുന്നത് "..... ആയത് ജീവനക്കാരൻ ഒരു അക്കൗണ്ടിംഗ്

വർഷം വാങ്ങുന്ന ശമ്പളത്തിന് അഥവാ വേതനത്തിന് ആനുപാതികമായ ശമ്പളത്തിന്റെ അഥവാ വേതനത്തിന്റെ 20% ൽ അധികരിക്കാത്ത വിധത്തിൽ " എന്നാണ്.

4) തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതും എന്നാൽ പ്രധാനമായും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്, പ്രവർത്തന മൂലധന സഹായം തുടങ്ങിയ ബഡ്ജറ്ററി സപ്പോർട്ട് ഉപയോഗപ്പെടുത്തി 2018-19 സാമ്പത്തിക വർഷത്തിൽ ലാഭം ഉണ്ടാക്കിയിട്ടുള്ള അഥവാ സ്ഥാപനത്തിന്റെ മൊത്തം ആസ്തി 31.03.2019-ൽ നെഗറ്റീവ് ആയിട്ടുള്ളതോ ആയ പൊതുമേഖലാ സ്ഥാപനങ്ങൾ ബോണസ് 8.33 ശതമാനത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

5) 2018-19 സാമ്പത്തിക വർഷത്തിൽ നഷ്ടം ഉണ്ടായ സ്ഥാപനങ്ങൾ പെയ്മെന്റ് ഓഫ് ബോണസ് ആക്ട് പ്രകാരം അർഹതപ്പെട്ട ബോണസ് 8.33 ശതമാനത്തിൽ അധികരിച്ച് അനുവദിക്കാൻ പാടില്ല.

6) നാളിതുവരെ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾ ബോണസ് അനുവദിക്കാവൂ. പ്രതിമാസം 24,000/- രൂപ വരെ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് മാത്രമേ ബോണസിന് അർഹതയുള്ളൂ. (ജീവനക്കാരൻ എന്ന നിർവ്വചനത്തിൽ അപ്രന്റീസ് ഉൾപ്പെടുന്നില്ല).

7) 'കയർ, കശുവണ്ടി മേഖലകളിലെ തൊഴിലാളികൾക്ക് ബന്ധപ്പെട്ട വ്യവസായ ബന്ധസമിതികളുടെ തീരുമാനപ്രകാരമുള്ള ബോണസ് അനുവദിക്കേണ്ടതാണ്.

8) 24,000/- രൂപയിൽ കൂടുതൽ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുന്ന പ്രത്യേക ഉത്സവബത്ത ഒഴികെ ബോണസോ എക്സ്ഗ്രേഷ്യയോ ഇൻസന്റീവ് ആനുകൂല്യങ്ങളോ മറ്റേതെങ്കിലും പേരിലുള്ള ആനുകൂല്യങ്ങളോ നൽകാൻ പാടില്ല.

9) ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളോ, ബോർഡുകളോ, സഹകരണ സ്ഥാപനങ്ങളോ, മറ്റേതെങ്കിലും സ്ഥാപനങ്ങളോ ആനുകൂല്യങ്ങൾ അനുവദിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുവാൻ പാടുള്ളതല്ല. മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നുള്ള ലംഘനത്തിന് ബന്ധപ്പെട്ട സ്ഥാപനത്തിലെ മേധാവിയും സ്ഥാപനങ്ങളിലെ ധനകാര്യ വിഭാഗം മേധാവിയും വ്യക്തിപരമായി ഉത്തരവാദികളായിരിക്കും.

10) പൊതു മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എങ്കിൽ, ആയതിൽ സർക്കാരിന് വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നതിനായി, ഡയറക്ടർ ബോർഡിന്റെ അംഗീകാരം നേടിയ ശേഷം സർക്കാരിന്റെ അംഗീകാരത്തിനായി, പരമാവധി ഓണത്തിന് 15 ദിവസം മുമ്പെങ്കിലും പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള സമയപരിധി പാലിക്കേണ്ടത് ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്വം ആയിരിക്കും.

11) ഈ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

12) ഈ ഉത്തരവ് ഉൽപ്പാദനമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

13) ഉൽപ്പാദനമേഖലയുമായി ബന്ധപ്പെടാത്ത സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

14) തൊഴിൽ വകുപ്പ് മന്ത്രി വിളിച്ച ചേർക്കുന്ന 'ത്രികക്ഷി സമ്മേളന' ത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പ മന്ത്രിമാർ കൈക്കൊള്ളുന്ന ബോണസ് സംബന്ധിച്ച തീരുമാനം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം മാത്രം നടപ്പാക്കേണ്ടതാണ്. എന്നാൽ പരിധിയില്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് 'ത്രികക്ഷി സമ്മേളന'ത്തിൽ ഒഴിവാക്കേണ്ടതാണ്. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ ഉയർന്ന പരിധി മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം ഭരണ വകുപ്പിന് തന്നെ തീരുമാനിക്കാവുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം നേടാതെ നൽകുന്ന അധിക ആനുകൂല്യങ്ങൾ യാതൊരു സാഹചര്യത്തിലും സാധൂകരിക്കപ്പെടുകയില്ല.

15) മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകുന്ന അധിക തുക ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.

16) എക്സ്ഗ്രേഷ്യാ, പെർഫോർമൻസ്-ലിങ്ക്ഡ് ഇൻസെന്റീവ്, ഇൻസെന്റീവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് തുടങ്ങി ഏതു പേരിൽ വിവക്ഷിക്കപ്പെട്ടാലും മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കനുസൃതമായി ബോണസ്സിന്റെ പരിധി നിജപ്പെടുത്തേണ്ടതാണ്.

17) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ്, എക്സ്ഗ്രേഷ്യ, പെർഫോമൻസ് - ലിങ്ക്ഡ് ഇൻസന്റീവ്, ഇൻസന്റീവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് മുതലായവ അനുവദിക്കുന്നത് 2017-18 ലെ തുകയിൽ അധികരിക്കാൻ പാടില്ല.

18) ബോണസ് നിശ്ചയിക്കുമ്പോൾ കഴിഞ്ഞ വർഷം നൽകിയതിനേക്കാൾ കുറവാകുകയാണെങ്കിൽ കഴിഞ്ഞ വർഷം നൽകിയ ബോണസ് തുക തന്നെ ഇപ്രാവശ്യവും നൽകേണ്ടതാണ്.

19) പുതുതായി 2018-19 വർഷത്തെ ബോണസ്, എക്സ്ഗ്രേഷ്യ, പെർഫോമൻസ് - ലിങ്ക്ഡ് ഇൻസന്റീവ്, ഇൻസന്റീവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് മുതലായവ അനുവദിക്കുന്നത് 2018-19-ലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr.ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവുമാർ

മാനേജിംഗ് ഡയറക്ടർ, കെ.എസ്. ആർ.ടി,സി, ട്രാൻസ്പോർട്ട് ഭവൻ, കിഴക്കേക്കോട്ട, തിരുവനന്തപുരം

സെക്രട്ടറി, കെ.എസ്. ഇ.ബി, വൈദ്യുതി ഭവൻ, പട്ടം, തിരുവനന്തപുരം

ലേബർ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഡസ്ട്രീസ് & കൊമേഴ്സ്, വികാസ് ഭവൻ, തിരുവനന്തപുരം
രജിസ്ട്രാർ, കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരവനന്തപുരം
ധനകാര്യ (പി.യു) വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ (ബി പി ഇ) വകുപ്പ്.
ധനകാര്യ/ നിയമ വകുപ്പുകൾ ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്) കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം. 3301 തീയതി, 21.08.2019 പ്രകാരം )
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Anishev

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-08-2019

ഫയൽ നം.ഡി1/128/2019/തൊഴിൽ ഇനം നം: 3301

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ് നൽകുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകുന്ന 2018-19 സാമ്പത്തിക വർഷത്തെ മിനിമം ബോണസ് 8.33 ശതമാനമായിരിക്കും. ബോണസ് നിശ്ചയിക്കുമ്പോൾ കഴിഞ്ഞ വർഷം നൽകിയതിനേക്കാൾ കുറവാകുകയാണെങ്കിൽ കഴിഞ്ഞ വർഷം നൽകിയ ബോണസ് തുക തന്നെ ഇപ്രാവശ്യവും നൽകേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. ഡി1/128/2019/തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് |
| 3 | വിഷയം | : | പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ് നൽകുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 13.08.2019 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീ.എ.ജയിംസ് രാജ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. ആഷാ തോമസ് ഐ.എ.എസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 14.08.2019. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ.ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 19.08.2019. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13 | മന്ത്രിസഭയക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 20.08.2019. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.08.2019. |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി. | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-19 സാമ്പത്തിക വർഷത്തെ ബോണസ് നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്

2) 10.08.2018-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.68/2018/തൊഴിൽ പ്രകാരം 2017-18 വർഷത്തെ ബോണസ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. കഴിഞ്ഞ വർഷത്തെ ബോണസ് മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ബോണസ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിർദ്ദേശിച്ച് ശുപാർശ സമർപ്പിച്ചിരുന്നു.

3) ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

**"ഏറ്റവും ഒടുവിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രതിമാസം 21,000/- രൂപ വരെ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് മാത്രമായി ബോണസിനുള്ള അർഹത പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 2018-19- ലേക്ക് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 6, 8 എന്നിവ ഇത്തരത്തിൽ ഭേദഗതി വരുത്തേണ്ടതാണെന്ന നിർദേശത്തോടെ 2018-19 വർഷത്തെ ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടുള്ള കരട് മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നു. ഇതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും മന്ത്രിസഭായോഗത്തിന്റെയും അനുമതി വാങ്ങേണ്ടതുമാണ്.**

**ഇതിന് ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".**

4) എന്നാൽ ധനകാര്യം/ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പുകളുടെ അഭിപ്രായപ്രകാരമാണ് കഴിഞ്ഞ വർഷം ബോണസ് പരിധി 24,000/- രൂപയായി നിശ്ചയിച്ചത്. ആയതു പ്രകാരം ഈ വർഷവും ബോണസ് പരിധി കഴിഞ്ഞവർഷത്തിനു തുല്യമായി നിശ്ചയിക്കാവുന്നതാണ് എന്ന് ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ഉത്തരവായിരുന്നു.

5) ഇക്കാര്യത്തിൽ ആസൂത്രണ സാമ്പത്തിക കാര്യ (BPE) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

**"Payment of Bonus Act - ന്റെ 2015 - ഭേദഗതി പ്രകാരം 2014-15 വർഷം മുതൽ മാസവരുമാനപരിധി 21,000/- രൂപ വരെയുള്ള ജീവനക്കാർക്കാണ് ബോണസിനുള്ള അർഹത. ആക്ട്**

**പ്രകാരമുള്ള വരുമാനപരിധി കുറയ്ക്കുന്നതിന് മാത്രമെ തടസ്സമുള്ളൂ. കഴിഞ്ഞ വർഷം ധനവകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് മന്ത്രിസഭാതീരുമാന പ്രകാരം വരുമാനപരിധി 24,000/- രൂപയായി നിശ്ചയിച്ചത് ഈ വർഷം കുറയ്ക്കുന്നത് നീതിപൂർവ്വമാണെന്ന് കാണുന്നില്ല എന്നതിനാൽ കഴിഞ്ഞ വർഷത്തെ വരുമാനപരിധിയായ 24,000/- രൂപ ഈ വർഷവും തുടരാനുള്ള ഭരണ വകുപ്പ് നിർദ്ദേശത്തോട് ഈ വകുപ്പ് യോജിക്കുന്നതായി അറിയിക്കുന്നു."**

6) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനെ മറികടന്ന് ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെയും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-19 സാമ്പത്തിക വർഷത്തെ ബോണസ് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ പറയും പ്രകാരം പുറപ്പെടുവിക്കാവുന്നതാണ്.

1. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ബോണസ് ആക്ടിന്റെ നാളിതുവരെയുള്ള ഭേദഗതികൾക്ക് അനുസൃതമായി ബോണസ് നൽകേണ്ടതാണ്. സംസ്ഥാന സർക്കാർ ഭൂരിപക്ഷം ഷെയറുകളും കൈവശം വച്ചിട്ടുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും 8.33% മിനിമം ബോണസ് നൽകേണ്ടതാണ്. 8.33 ശതമാനത്തേക്കാൾ കൂടുതൽ ബോണസ് പ്രഖ്യാപിക്കുന്ന പൊതുമേഖാ സ്ഥാപനങ്ങൾ 2018-19-ലെ വരവ് ചെലവ് കണക്കിന്റെ ഓഡിറ്റ് പൂർത്തീകരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. 2018-19 സാമ്പത്തിക വർഷം ഉൾപ്പെടെ തൊട്ടുമുമ്പുള്ള ഏതെങ്കിലും അഞ്ച് അക്കൗണ്ടിംഗ് വർഷത്തിലൊന്നിൽ ഉൽപ്പാദനം ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മിനിമം ബോണസ് അനുവദിക്കാവുന്നതാണ്. ഒരു വർഷം കുറഞ്ഞത് 30 പ്രവർത്തി ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള ജീവനക്കാരന് ബോണസിന് അർഹത ഉണ്ടായിരിക്കും.
3. 2018-19 വർഷം ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കൃത്യമായും ബോണസ് നൽകിയിരിക്കണം. പെയ്മെന്റ് ഓഫ് ബോണസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള കുറഞ്ഞ ബോണസിൽ അധികരിച്ച ബോണസ് നൽകുന്ന ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ, പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ സെക്ഷൻ 11 അനുസരിച്ച് ബോണസിന്റെ പരിധി 20% ൽ അധികരിക്കരുതെന്ന വ്യവസ്ഥ പാലിക്കേണ്ടതാണ്. സെക്ഷൻ 11 ൽ പ്രതിപാദിക്കുന്നത് "..... ആയത് ജീവനക്കാരൻ ഒരു അക്കൗണ്ടിംഗ് വർഷം വാങ്ങുന്ന ശമ്പളത്തിന് അഥവാ വേതനത്തിന് ആനുപാതികമായ ശമ്പളത്തിന്റെ അഥവാ വേതനത്തിന്റെ 20% ൽ അധികരിക്കാത്ത വിധത്തിൽ എന്നാണ്.
4. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതും എന്നാൽ പ്രധാനമായും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്, പ്രവർത്തന മൂലധന സഹായം തുടങ്ങിയ ബഡ്ജറ്ററി സപ്പോർട്ട് ഉപയോഗപ്പെടുത്തി 2018-19 സാമ്പത്തിക വർഷത്തിൽ ലാഭം ഉണ്ടാക്കിയിട്ടുള്ള അഥവാ

സ്ഥാപനത്തിന്റെ മൊത്തം ആസ്തി 31.03.2019-ൽ നെഗറ്റീവ് ആയിട്ടുള്ളതോ ആയ പൊതുമേഖലാ സ്ഥാപനങ്ങൾ ബോണസ് 8.33 ശതമാനത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

5. 2018-19 സാമ്പത്തിക വർഷത്തിൽ നഷ്ടം ഉണ്ടായ സ്ഥാപനങ്ങൾ പെയ്മെന്റ് ഓഫ് ബോണസ് ആക്ട് പ്രകാരം അർഹതപ്പെട്ട ബോണസ് 8.33 ശതമാനത്തിൽ അധികരിച്ച് അനുവദിക്കാൻ പാടില്ല.

6. നാളിതുവരെ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾ ബോണസ് അനുവദിക്കാവൂ. പ്രതിമാസം 24,000/- രൂപ വരെ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് മാത്രമേ ബോണസിന് അർഹതയുള്ളൂ. (ജീവനക്കാരൻ എന്ന നിർവ്വചനത്തിൽ അപ്രന്റീസ് ഉൾപ്പെടുന്നില്ല).

7. കയർ, കശുവണ്ടി മേഖലകളിലെ തൊഴിലാളികൾക്ക് ബന്ധപ്പെട്ട വ്യവസായ ബന്ധസമിതികളുടെ തീരുമാനപ്രകാരമുള്ള ബോണസ് അനുവദിക്കേണ്ടതാണ്.

8. 24,000/- രൂപയിൽ കൂടുതൽ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുന്ന പ്രത്യേക ഉത്സവബത്ത ഒഴികെ ബോണസോ എക്സ്ഗ്രേഷ്യയോ ഇൻസന്റീവ് ആനുകൂല്യങ്ങളോ മറ്റേതെങ്കിലും പേരിലുള്ള ആനുകൂല്യങ്ങളോ നൽകാൻ പാടില്ല.

9. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളോ, ബോർഡുകളോ, സഹകരണ സ്ഥാപനങ്ങളോ, മറ്റേതെങ്കിലും സ്ഥാപനങ്ങളോ ആനുകൂല്യങ്ങൾ അനുവദിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുവാൻ പാടുള്ളതല്ല. മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നുള്ള ലംഘനത്തിന് ബന്ധപ്പെട്ട സ്ഥാപനത്തിലെ മേധാവിയും സ്ഥാപനങ്ങളിലെ ധനകാര്യ വിഭാഗം മേധാവിയും വ്യക്തിപരമായി ഉത്തരവാദികളായിരിക്കും.

10. പൊതു മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എങ്കിൽ, ആയതിൽ സർക്കാരിന് വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നതിനായി, ഡയറക്ടർ ബോർഡിന്റെ അംഗീകാരം നേടിയ ശേഷം സർക്കാരിന്റെ അംഗീകാരത്തിനായി, പരമാവധി ഓണത്തിന് 15 ദിവസം മുമ്പെങ്കിലും പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള സമയപരിധി പാലിക്കേണ്ടത് ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്വം ആയിരിക്കും.

11. ഈ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

12. ഈ ഉത്തരവ് ഉൽപ്പാദനമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

13. ഉൽപ്പാദനമേഖലയുമായി ബന്ധപ്പെടാത്ത സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

14. തൊഴിൽ വകുപ്പ് മന്ത്രി വിളിച്ച് ചേർക്കുന്ന 'ത്രികക്ഷി സമ്മേളന'ത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ കൈക്കൊള്ളുന്ന ബോണസ് സംബന്ധിച്ച തീരുമാനം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം മാത്രം നടപ്പാക്കേണ്ടതാണ്. എന്നാൽ പരിധിയില്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് 'ത്രികക്ഷി സമ്മേളന'ത്തിൽ ഒഴിവാക്കേണ്ടതാണ്. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ ഉയർന്ന പരിധി മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം ഭരണ വകുപ്പിന് തന്നെ തീരുമാനിക്കാവുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം നേടാതെ നൽകുന്ന അധിക ആനുകൂല്യങ്ങൾ യാതൊരു സാഹചര്യത്തിലും സാധൂകരിക്കപ്പെടുകയില്ല.
15. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകുന്ന അധിക തുക ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.
16. എക്സ്ഗ്രേഷ്യാ, പെർഫോർമൻസ്-ലിങ്ക്ഡ് ഇൻസെന്റീവ്, ഇൻസെന്റീവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് തുടങ്ങി ഏതു പേരിൽ വിവക്ഷിക്കപ്പെട്ടാലും മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കനുസൃതമായി ബോണസ്സിന്റെ പരിധി നിജപ്പെടുത്തേണ്ടതാണ്.
17. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ്, എക്സ്ഗ്രേഷ്യ, പെർഫോമൻസ് - ലിങ്ക്ഡ് ഇൻസന്റീവ്, ഇൻസന്റീവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് മുതലായവ അനുവദിക്കുന്നത് 2017-18 ലെ തുകയിൽ അധികരിക്കാൻ പാടില്ല.
18. പുതുതായി 2018-19 വർഷത്തെ ബോണസ്, എക്സ്ഗ്രേഷ്യ, പെർഫോമൻസ് - ലിങ്ക്ഡ് ഇൻസന്റീവ്, ഇൻസന്റീവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് മുതലായവ അനുവദിക്കുന്നത് 2018-19-ലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കണം.

7) ഇക്കാര്യം മന്ത്രിസഭാ യോഗം മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട സംഗതി

ബോണസ്സിനുള്ള അർഹതാപരിധി കഴിഞ്ഞ സാമ്പത്തിക വർഷം നിശ്ചയിച്ച 24,000/- രൂപയിൽ നിന്നും 21,000/- രൂപയായി കുറച്ച് നിശ്ചയിക്കണമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായം കൂടി പരിഗണിച്ചും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-19 - സാമ്പത്തിക വർഷത്തെ ബോണസ് നൽകുന്നത് സംബന്ധിച്ച് മുകളിൽ 6-ാം ഖണ്ഡികയിൽ വിവരിച്ചിട്ടുള്ള പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാമോ?

GOVERNMENT OF KERALA
(SHRI. PINARAYI VIJAYAN MINISTRY)
NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | No. D1/128/2019/LBRD |
| 2 | Department | : | Labour and Skills (D) Department |
| 3 | Subject | : | Payment of Bonus to the Employees of PSUs for the financial year 2018-19. |
| 4 | Date of Chief Minister's order for placing before the Council | : | 13.08.2019 |
| 5 | i) Does the case involve financial commitments/implications | : | Yes |
| | ii) if the answer to the above is in the affirmative,whether Finance Department has been consulted and their remarks incorporated in the Council Note? | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes |
| 7 | Name of Additional Secretary who submitted the Draft Note | : | Shri. A.James Raj |
| 8 | Name of Additional Chief Secretary who approved the Draft Note | : | Dr. Asha Thomas IAS |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : | 14.08.2019 |
| 10 | Name of Chief Secretary who approved the Draft Note | : | Shri. Tom Jose |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 19.08.2019 |
| 12 | Name of Minister who approved the Draft Note | : | Shri. T.P.Ramakrishnan |
| 13 | Date of approval of the Draft Note for the Council by the Minister | : | 20.08.2019 |
| 14 | Date of submission of fair copies | : | 20.08.2019 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O/letter communicating the decision. | : | |

# Note for the Council of Ministers

This note relates to the guidelines to be issued for the payment of bonus to the employees in Public Sector Undertakings in the State for the financial year 2018-19.

2)The guidelines for payment of bonus to the employees of Public Sector Undertakings for the year 2017-18 were issued vide G.O(P)No.68/2018/LBR dated, 10.08.2018. Based on the Government Order, this Department prepared and submitted the draft guidelines for the payment of bonus for the financial year 2018-19.

3) The file was then forwarded to the Finance Department and that Department has remarked as follows.

"ഏറ്റവും ഒടുവിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രതിമാസം 21,000/- രൂപ വരെ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് മാത്രമായി ബോണസിനുള്ള അർഹത പരിമിതപ്പെടുത്തിയിട്ടുണ്ട് . ആയതിനാൽ 2018-19- ലേക്ക് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 6, 8 എന്നിവ ഇത്തരത്തിൽ ഭേദഗതി വരുത്തേണ്ടതാണെന്ന നിർദേശത്തോടെ 2018-19 വർഷത്തെ ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടുള്ള കരട് മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നു. ഇതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും മന്ത്രിസഭായോഗത്തിന്റെയും അനുമതി വാങ്ങേണ്ടതുമാണ്.

ഇതിന് ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് ".

4) The Bonus limit for the previous year was fixed to Rs. 24,000/- in consultation with Finance Department and Planning & Economic Affairs (BPE) Department. Hence the Hon'ble Minister for Labour and Excise has ordered to fix the bonus limit for this year as equal to that of previous year.

5)When consulted, the Planning & Economic Affairs (BPE) Department, that Department offered the following remarks:-

"Payment of Bonus Act - ന്റെ 2015 - ഭേദഗതി പ്രകാരം 2014-15 വർഷം മുതൽ മാസവരുമാനപരിധി 21,000/- രൂപ വരെയുള്ള ജീവനക്കാർക്കാണ് ബോണസിനുള്ള അർഹത. ആക്ട് പ്രകാരമുള്ള വരുമാനപരിധി കുറയ്ക്കുന്നതിന് മാത്രമെ തടസ്സമുള്ളൂ. കഴിഞ്ഞ വർഷം ധന വകുപ്പ് നിർദ്ദേശിച്ചതനുസരിച്ച്

മന്ത്രിസഭാതീരുമാന പ്രകാരം വരുമാനപരിധി 24,000/- രൂപയായി നിശ്ചയിച്ചത് ഈ വർഷം കുറയ്ക്കുന്നത് നീതിപൂർവ്വമാണെന്ന് കാണുന്നില്ല എന്നതിനാൽ കഴിഞ്ഞ വർഷത്തെ വരുമാനപരിധിയായ 24,000/- രൂപ ഈ വർഷവും തുടരാനുള്ള ഭരണ വകുപ്പ് നിർദ്ദേശത്തോട് ഈ വകുപ്പ് യോജിക്കുന്നതായി അറിയിക്കുന്നു."

6) On the basis of the Order given by the Minister for Labour and Excise Department overruling the remarks given by the Finance Department, and in keeping with the remarks offered by the Planning & Economic Affairs (BPE) Department, the guidelines for the payment of bonus for the financial year 2018-19 may be issued as follows:-

1. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ബോണസ് ആക്ടിന്റെ നാളിതുവരെയുള്ള ഭേദഗതികൾക്ക് അനുസൃതമായി ബോണസ് നൽകേണ്ടതാണ്. സംസ്ഥാന സർക്കാർ ഭൂരിപക്ഷം ഷെയറുകളും കൈവശം വച്ചിട്ടുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും 8.33% മിനിമം ബോണസ് നൽകേണ്ടതാണ്. 8.33 ശതമാനത്തേക്കാൾ കൂടുതൽ ബോണസ് പ്രഖ്യാപിക്കുന്ന പൊതുമേഖാ സ്ഥാപനങ്ങൾ 2018-19-ലെ വരവ് ചെലവ് കണക്കിന്റെ ഓഡിറ്റ് പൂർത്തീകരിച്ച എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
2. 2018-19 സാമ്പത്തിക വർഷം ഉൾപ്പെടെ തൊട്ടുമുമ്പുള്ള ഏതെങ്കിലും അഞ്ച് അക്കൗണ്ടിംഗ് വർഷത്തിലൊന്നിൽ ഉൽപ്പാദനം ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മിനിമം ബോണസ് അനുവദിക്കാവുന്നതാണ്. ഒരു വർഷം കുറഞ്ഞത് 30 പ്രവർത്തി ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള ജീവനക്കാരന് ബോണസിന് അർഹത ഉണ്ടായിരിക്കും.
3. 2018-19 വർഷം ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കൃത്യമായും ബോണസ് നൽകിയിരിക്കണം. പെയ്മെന്റ് ഓഫ് ബോണസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള കുറഞ്ഞ ബോണസിൽ അധികരിച്ച ബോണസ് നൽകുന്ന ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ, പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ സെക്ഷൻ 11 അനുസരിച്ച് ബോണസിന്റെ പരിധി 20% ൽ അധികരിക്കരുതെന്ന വ്യവസ്ഥ പാലിക്കേണ്ടതാണ്. സെക്ഷൻ 11 ൽ പ്രതിപാദിക്കുന്നത് "….. ആയത് ജീവനക്കാരൻ ഒരു അക്കൗണ്ടിംഗ് വർഷം വാങ്ങുന്ന ശമ്പളത്തിന് അഥവാ വേതനത്തിന് ആനുപാതികമായ ശമ്പളത്തിന്റെ അഥവാ വേതനത്തിന്റെ 20% ൽ അധികരിക്കാത്ത വിധത്തിൽ എന്നാണ്.
4. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതും എന്നാൽ പ്രധാനമായും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്, പ്രവർത്തന മൂലധന സഹായം തുടങ്ങിയ ബഡ്ജറ്ററി സപ്പോർട്ട് ഉപയോഗപ്പെടുത്തി 2018-19 സാമ്പത്തിക വർഷത്തിൽ ലാഭം ഉണ്ടാക്കിയിട്ടുള്ള അഥവാ സ്ഥാപനത്തിന്റെ മൊത്തം ആസ്തി 31.03.2019-ൽ നെഗറ്റീവ് ആയിട്ടുള്ളതോ ആയ പൊതുമേഖലാ സ്ഥാപനങ്ങൾ ബോണസ് 8.33 ശതമാനത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

5. 2018-19 സാമ്പത്തിക വർഷത്തിൽ നഷ്ടം ഉണ്ടായ സ്ഥാപനങ്ങൾ പെയ്മെന്റ് ഓഫ് ബോണസ് ആക്ട് പ്രകാരം അർഹതപ്പെട്ട ബോണസ് 8.33 ശതമാനത്തിൽ അധികരിച്ച് അനുവദിക്കാൻ പാടില്ല.

6. നാളിതുവരെ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള പെയ്മെന്റ് ഓഫ് ബോണസ് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾ ബോണസ് അനുവദിക്കാവൂ. പ്രതിമാസം 24,000/- രൂപ വരെ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് മാത്രമേ ബോണസിന് അർഹതയുള്ളൂ. (ജീവനക്കാരൻ എന്ന നിർവ്വചനത്തിൽ അപ്രന്റീസ് ഉൾപ്പെടുന്നില്ല).

7. കയർ, കശുവണ്ടി മേഖലകളിലെ തൊഴിലാളികൾക്ക് ബന്ധപ്പെട്ട വ്യവസായ ബന്ധസമിതികളുടെ തീരുമാനപ്രകാരമുള്ള ബോണസ് അനുവദിക്കേണ്ടതാണ്.

8. 24,000/- രൂപയിൽ കൂടുതൽ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുന്ന പ്രത്യേക ഉത്സവബത്ത ഒഴികെ ബോണസോ എക്സ്ഗ്രേഷ്യയോ ഇൻസന്റീവ് ആനുകൂല്യങ്ങളോ മറ്റേതെങ്കിലും പേരിലുള്ള ആനുകൂല്യങ്ങളോ നൽകാൻ പാടില്ല.

9. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളോ, ബോർഡുകളോ, സഹകരണ സ്ഥാപനങ്ങളോ, മറ്റേതെങ്കിലും സ്ഥാപനങ്ങളോ ആനുകൂല്യങ്ങൾ അനുവദിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുവാൻ പാടുള്ളതല്ല. മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നുള്ള ലംഘനത്തിന് ബന്ധപ്പെട്ട സ്ഥാപനത്തിലെ മേധാവിയും സ്ഥാപനങ്ങളിലെ ധനകാര്യ വിഭാഗം മേധാവിയും വ്യക്തിപരമായി ഉത്തരവാദികളായിരിക്കും.

10. പൊതു മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എങ്കിൽ, ആയതിൽ സർക്കാരിന് വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നതിനായി, ഡയറക്ടർ ബോർഡിന്റെ അംഗീകാരം നേടിയ ശേഷം സർക്കാരിന്റെ അംഗീകാരത്തിനായി, പരമാവധി ഓണത്തിന് 15 ദിവസം മുമ്പെങ്കിലും പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള സമയപരിധി പാലിക്കേണ്ടത് ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്വം ആയിരിക്കും.

11. ഈ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

12. ഈ ഉത്തരവ് ഉൽപ്പാദനമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

13. ഉൽപ്പാദനമേഖലയുമായി ബന്ധപ്പെടാത്ത സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

14. തൊഴിൽ വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുന്ന 'ത്രികക്ഷി സമ്മേളന' ത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പു മന്ത്രിമാർ കൈക്കൊള്ളുന്ന ബോണസ് സംബന്ധിച്ച തീരുമാനം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം മാത്രം

നടപ്പാക്കേണ്ടതാണ്. എന്നാൽ പരിധിയില്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് 'ത്രികക്ഷി സമ്മേളന'ത്തിൽ ഒഴിവാക്കേണ്ടതാണ്. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ ഉയർന്ന പരിധി മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം ഭരണ വകുപ്പിന് തന്നെ തീരുമാനിക്കാവുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം നേടാതെ നൽകുന്ന അധിക ആനുകൂല്യങ്ങൾ യാതൊരു സാഹചര്യത്തിലും സാധൂകരിക്കപ്പെടുകയില്ല.

15. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകുന്ന അധിക തുക ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.
16. എക്സ്ഗ്രേഷ്യാ, പെർഫോർമൻസ്-ലിങ്ക്ഡ് ഇൻസെന്റീവ്, ഇൻസെന്റീവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് തുടങ്ങി ഏതു പേരിൽ വിവക്ഷിക്കപ്പെട്ടാലും മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കനുസൃതമായി ബോണസ്സിന്റെ പരിധി നിജപ്പെടുത്തേണ്ടതാണ്.
17. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ്, എക്സ്ഗ്രേഷ്യ, പെർഫോമൻസ് - ലിങ്ക്ഡ് ഇൻസന്റീവ്, ഇൻസന്റീവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് മുതലായവ അനുവദിക്കുന്നത് 2017-18 ലെ തുകയിൽ അധികരിക്കാൻ പാടില്ല.
18. പുതുതായി 2018-19 വർഷത്തെ ബോണസ്, എക്സ്ഗ്രേഷ്യ, പെർഫോമൻസ് - ലിങ്ക്ഡ് ഇൻസന്റീവ്, ഇൻസന്റീവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് മുതലായവ അനുവദിക്കുന്നത് 2018-19-ലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കണം.

7) The Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Point for decision**

Whether the guidelines as detailed in para 6 above, may be issued for the payment of bonus to the employees of the Public Sector Undertakings in the State for the financial year 2018-19 by overruling the remarks offered by the Finance Department to reduce the eligibility limit for bonus to Rs.21,000/- from Rs. 24,000/- as fixed in the previous financial year, and in keeping with the remarks offered by the Planning & Economic Affairs (BPE) Department ?